# ഉയിർപ്പുക്കാലം

## വചന വിചിന്തനം

### ഏഴാം ഞായർ

മർക്കോ 16,9-18

***"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം (നല്ല വാർത്ത) പ്രസംഗിക്കുകവിൻ!"***

മർക്കോ 16,15

*കർത്താവിന്റെ കുരിശിനോട് ചേർന്ന് നിൽക്കുകയും അവനെ സ്നേഹപൂർവ്വം അന്വേഷിക്കുകയും ചെയ്തവർക്കാണ് ഉത്ഥിതൻ തന്റെ ആദ്യ ദർശനം നൽകുന്നത്. ഉത്ഥിതന്റെ ദർശനം സ്വന്തമാക്കാൻ ചെയ്യേണ്ടതും ഇത് തന്നെയാണ്!*

ക്രിസ്തു തന്റെ പ്രേഷിത ദൗത്യം തന്റെ ശിഷ്യൻമാരെ ഭരമേൽപ്പിക്കുന്ന വചന ഭാഗം. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സ്വഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവർ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവർ ശിക്ഷിക്കപ്പെടും" (മർക്കോ 16,15). ക്രിസ്തുഅനുയായികളായി ക്രിസ്തുമാർഗ്ഗത്തിൽ ചരിക്കുന്ന എല്ലാ ക്രിസ്തു ശിഷ്യരുടെയും ദൗത്യമാണ് ക്രിസ്തു തന്റെ ശിഷ്യരെ ഭരമേൽപ്പിക്കുന്നത്. "വചനം പ്രസംഗിക്കുക... പ്രസംഗിച്ച വചനം ജീവിക്കുക..."

ഈ ദിവസങ്ങളിൽ (12.6.2015) മലയാള മനോരമ ദിനപത്രത്തിൽ വന്ന ഏറ്റവും ആകർഷകരവും അതേസമയം ക്രിയാത്മകവുമായ വാർത്തകളിലൊന്ന് "നേപ്പാൾ: യു. എസിൽ എട്ടുവയസ്സുക്കാരൻ 26,000 (15.6 ലക്ഷം) ഡോളർ സമാഹരിച്ചു" എന്നതാണ്. 2015 ൽ ലോകമനസാക്ഷിയെ കണ്ണീരിലാഴ്ത്തിയ വലിയ ഭൂകമ്പങ്ങളിൽ ഒന്നാണ് ഏപ്രിൽ മെയ് മാസങ്ങളിൽ ഭൂകമ്പങ്ങളും തുടർ ചലനങ്ങളുമായി നേപ്പാളിലും ഇന്ത്യയുടെ വടക്കു പടിഞ്ഞാറ് ഭാഗങ്ങളിലുമായി നടമാടിയത്. നിമിഷനേരംകൊണ്ടാണ് ഉറ്റവരെയും ഉടയവരെയും പ്രിയപ്പെട്ടവരെയും തങ്ങളുടെ ആയുസിന്റെ സമ്പാദ്യങ്ങളും നഷ്ടപ്പെട്ടത്. അവരുടെ കണ്ണുനീർ നനഞ്ഞ നഷ്ടസ്വപ്നങ്ങളുടെ മുകളിലേയ്ക്ക് ആശ്വാസത്തിന്റെ കുളിർകാറ്റ് വീശുന്ന അനുഗ്രഹമായിരുന്ന നീവിന്റെ 26,000 (15.6 ലക്ഷം) ഡോളർ സമാഹരണം. ഒപ്പം വചനപ്രഘോഷണത്തിന്റെ ഏറ്റവും നല്ല മാതൃകയും. കോടികണക്കിന് കോടികളുടെ നഷ്ടം നടമായിയ നേപ്പാളിലേയ്ക്ക് നീവ് സമാഹരിക്കുകയും അയച്ചു കൊടുക്കുകയും ചെയ്ത പണം ഒന്നുമല്ലെങ്കിലും നീവിന്റെ മനസിന്റെ വിശുദ്ധികൊണ്ട് ലോകം അവനെ എന്നും ഓർക്കും.

എട്ടുവയസ്സുകാരനായ നീവ് തന്റെ കാശുകുടുക്കയിലുള്ള പണവും നേപ്പാൾ മെഡിക്കൽ ഫൗഡേഷന്റെ സഹായത്തോടെ സമാഹരിച്ച പണവും വിധവയുടെ കൊച്ചു കാണിക്കയ്ക്ക് സദൃശ്യമാണ്. തന്റെ ദാരിദ്രത്തിൽ നിന്ന് ഉപജീവനത്തിനുള്ള വകമുഴുവനുമാണ് ദരിദ്രയായ വിധവ കണിക്കയായ് ഭണ്ഡാരത്തിൽ സമർപ്പിച്ചതെങ്കിൽ നീവ് ചെയ്തതും ഇത് തന്നെയാണ്. കാരണം, വചനം സാക്ഷ്യപ്പെടുത്തുന്നു; "എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തു തന്നത്" (മത്താ 25,40). ഇതിനേക്കാൾ വലിയ വചനപ്രഘോഷണമില്ല!

നീവ് തന്റെ കൊച്ചു പ്രവർത്തനത്തിലൂടെ വചനത്തിന് സാക്ഷിയും മാതൃകയുമായെങ്കിൽ ഈ ദൗത്യം തന്നെയാണ് ഓരോ ക്രിസ്തുശിഷ്യരെയും ക്രിസ്തു ഭരമേൽപ്പിക്കുന്നത്. വചനം ദൗത്യം സമ്മാനിക്കുന്നവയാണ്. കാരണം, "വചനം വായിക്കുന്നത് വായിച്ച വചനമനുസരിച്ച് ജീവിക്കുന്നതിനാണ്."

ക്രിസ്തു തന്റെ ഉയർപ്പിന് ശേഷം മൂന്ന് വ്യത്യസ്ഥസ്ഥലങ്ങളിലും സാഹചര്യങ്ങളിലുമായ് താൻ ഏറ്റവും അധികം സ്നേഹിച്ചിരുന്നവർക്ക് പ്രത്യക്ഷപ്പെടുന്നുണ്ട്. 1. അൽഭുതകരമാംവണ്ണം ഏഴ് പിശാചുക്കളെ പുറത്താക്കിയ മഗ്ദലേനമറിയത്തിന് 2. കർത്താവിന്റെ മരണത്തിൽ വിലപിക്കുകയും കണ്ണുനീർ വാർത്ത് യാത്രചെയ്യുകയും

ചെയ്തിരുന്ന രണ്ട് പേർക്ക് 3. ഉത്ഥിതനെ നേരിൽ കണ്ടവരെ വിശ്വസിക്കാതിരുന്ന പതിനൊന്ന് പേർക്കും. എങ്കിലും, ഇവിടെയൊക്കെ മുഴച്ച് നിൽക്കുന്നത് അവിശ്വാസമാണ്. തുടർന്ന് വചനത്തിലൂടെ ക്രിസ്തു കൃത്യമായ് പറയുന്നു, "ഉയിർപ്പിക്കപ്പെട്ടതിനും ശേഷം തന്നെ കണ്ടവരെ വിശ്വസിക്കാത്തതു നിമിത്തം അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും ക്രിസ്തു കുറ്റപ്പെടുത്തി" (മർക്കോ 16,14). ക്രിസ്തു തന്റെ ശിഷ്യർക്ക് കാണിച്ചു കൊടുക്കുകയാണ്, തന്റെ ഉയർപ്പിൽ അവർക്ക് വിശ്വസിക്കാൻ സാധിക്കാത്തതിന്റെ കാരണം; 1. വിശ്വാസരാഹിത്യം 2. ഹൃദയകാഠിന്യം.

ഇന്ന് പല അനുഗ്രഹങ്ങൾക്ക് നാം കാരണമാകാത്തതിനും നന്മ ചെയ്യാൻ സാധിക്കാതതിനും കാരണം ഇതു തന്നെയാണ്: വിശ്വാസരാഹിത്യവും ഹൃദയകാഠിന്യവും. വിശ്വാസരാഹിത്യം ദൈവത്തോടാണെങ്കിൽ ഹൃദയകാഠിന്യം സഹോദരങ്ങളോടാണ്. വിശ്വാസരാഹിത്യത്തിനനുസരിച്ച് ഭൗതികമായ അനുഗ്രങ്ങളുടെ സമൃദ്ധി നിലയ്ക്കും. കാരണം, തുടർന്നുവരുന്ന വചനം സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ് "വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവർ രക്ഷിക്കപ്പെടും. അല്ലാത്തവർ ശിക്ഷിക്കപ്പെടും" (16,16). ഇതേ തുടർന്ന് നാം സ്വീകരിച്ചിരിക്കുന്ന സ്നാനം വിശ്വാസത്തോടുകൂടിയാണോ എന്ന് തിരിച്ചറിയാനുള്ള മാർഗ്ഗങ്ങളാണ് ക്രിസ്തു പറഞ്ഞ് തരുന്നത്. വിശ്വാസത്തോട് സ്നാനം സ്വീകരിച്ചവർക്ക് ചെയ്യാൻ പറ്റുന്ന അനുഗ്രഹങ്ങൾ.

*കർത്താവ് ഉയർത്തെഴുന്നേറ്റ് കണ്ടുമുട്ടുന്ന വ്യക്തികളെയെല്ലാം ഭരമേൽപ്പിക്കുന്ന ദൗത്യം താൻ ഉയർപ്പിക്കപ്പെട്ടുവെന്ന് സാക്ഷ്യം നൽകുക. ഞാൻ സാക്ഷ്യം നൽകുന്നില്ലെങ്കിൽ വിശ്വസാ രാഹിത്യവും ഹൃദയകാഠിന്യവും എന്നിൽ സമൃദ്ധമാണ്!*

1. വിശ്വസിച്ച് സ്നാനം സ്വീകരിച്ചവർ പിശാചുക്കളെ പുറത്താക്കും.
2. വിശ്വസിച്ച് സ്നാനം സ്വീകരിച്ചവർ ഭാഷാവരത്തോടെ സംസാരിക്കും.
3. വിശ്വസിച്ച് സ്നാനം സ്വീകരിച്ചവർ സർപ്പങ്ങളെ കൈയിലെടുക്കും.
4. വിശ്വസിച്ച് സ്നാനം സ്വീകരിച്ചവർ മാരകമായ എന്തു കുടിച്ചാലും ഉപദ്രവിക്കില്ല.
5. വിശ്വസിച്ച് സ്നാനം സ്വീകരിച്ചവർ രോഗികളെ സുഖപ്പെടുത്തു.

അപ്പോൾ, ഭൗതീകമായ എല്ലാ അനുഗ്രഹത്തിന്റെയും ഉറവിടം വിശ്വാസം തന്നെയാണ്. വിശ്വാസം കുറയുന്നതിനനുസരിച്ച് ദൈവത്തിന്റെ അനുഗ്രഹങ്ങളുടെ പ്രവർത്തനം നമ്മിൽ നിലയ്ക്കും.

പക്ഷെ, ഇവിടെയും ക്രിസ്തു വലിയ അൽഭുതം ഒളിപ്പിച്ച് വയ്ക്കുന്നുണ്ട്. അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും കർത്താവ് കുറ്റപെടുത്തുന്നു. പക്ഷെ, തള്ളികളയുന്നില്ല. മറിച്ച്, ക്രിസ്തു അവരെ വലിയ ദൗത്യം ഭരമേൽപ്പിക്കുകയാണ്. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16,15). ഇവിടെയാണ് നമ്മളുടെ തത്ത്വശാസ്ത്രവും ക്രിസ്തുവിന്റെ തത്ത്വശാസ്ത്രവും തമ്മിൽ പൊരുത്തപ്പെട്ട് പോകാത്തത്. നാട്ടിൽ പറയും, "ചൊല്ലി കൊട്, തല്ലി കൊട്, തള്ളികള..." പക്ഷെ, ക്രിസ്തുവിലേയ്ക്ക് ഒന്ന് നോക്കിയേ, ഒരിക്കൽ പോലും തള്ളികളയുകയോ തല്ലികൊടുക്കുകയോ ചെയ്യുന്നില്ല. മറിച്ച്, ചൊല്ലി കൊടുക്കൽ മാത്രം. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ... "ബലവാനായ ദൈവം ബലഹീനമായ മനുഷ്യകരങ്ങളിലൂടെ പ്രവർത്തിക്കുന്നു!" കർത്താവ്, തന്റെ ദൗത്യം സമ്മാനിക്കുന്നത് ബലഹീനർക്കാണ്. കാരണം, കർത്താവിന് പ്രവർത്തിക്കാനുള്ള ഇടം സമ്മാനിക്കുന്നത് അവരാണ്. ഇന്ന് കർത്താവ് നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം 'വിശുദ്ധരാവുക.' വചനം അവതരിച്ചതിന്റെയും വചനം എഴുതപ്പെട്ടതിന്റെയും ലക്ഷ്യം ഇത് തന്നെയാണ്; വിശുദ്ധിയിലേയ്ക്ക് നയിക്കുക.

വി.ഫ്രാൻസീസ് അസ്സിസിയുടെ ജീവിതത്തിൽ നിന്നൊരേട്. ഒരു ദിവസം വി. ഫ്രാൻസീസ് അസ്സീസിയും തന്റെ പ്രിയ്യപ്പെട്ട ശിഷ്യനായ ലിയോയും പാടത്തിന്റെ അരികിലൂടെ വചനം പങ്കുവച്ച് കടന്ന് പോകുന്നു. അപ്പോൾ, പാടത്ത് പണിയെടുക്കുന്ന ഒരു പണിക്കാരൻ ദേഹം മുഴുവൻ ചെളി പുരണ്ട വ്യക്തി പാടത്ത് നിന്ന് കയറിവന്ന് വി. ഫ്രാൻസീസിനെ തടഞ്ഞ് നിറുത്തികൊണ്ടു ചോദിക്കുന്നു; "താങ്കളാണോ അസ്സീസിയിലെ ഫ്രാൻസീസ്?" വി.ഫ്രാൻസീസ് മറുപടി പറഞ്ഞു, "അതെ, ഞാൻ തന്നെയാണ് അസ്സീസിയിലെ ഫ്രാൻസിസ്." അപ്പോൾ, പാടത്ത് നിന്ന് കയറിവന്ന മനുഷ്യൻ വി.ഫ്രാൻസീസി

നോട് തിരിച്ച് പറയുകയാണ്; "ദേ, എല്ലാവരും പറയുന്നു താങ്കൾ ഒരു വിശുദ്ധനാണെന്ന്. അങ്ങനെ തന്നെ ആയിരിക്കണം." ഇതും പറഞ്ഞ് പടത്തേയ്ക്ക് തിരിച്ചിറങ്ങി പോകുന്ന ആ പണിക്കാരനെ ലിയോയ്ക്ക് ചൂണ്ടി കാണിച്ചിട്ട് വി.ഫ്രാൻസിസ് അസ്സിസി പറയുകയാണ്;

"ലിയോ, നീയിത് ശ്രദ്ധിച്ചോ? ദൈവം പാടത്ത് പണിയെടുക്കുന്ന മനുഷ്യന്റെ രൂപത്തിൽ കയറിവന്ന് നാമെല്ലാം വിശുദ്ധരാണ്. അങ്ങനെ തന്നെ ആയിരിക്കണം എന്ന് ഓർമ്മപ്പെടുത്തി പാടത്തേയ്ക്ക് തന്നെ ഇറങ്ങി പോയത്?"

ദൗത്യം സമ്മാനിക്കുന്ന വചനത്തിന്റെ ലക്ഷ്യം നമ്മളെ വിശുദ്ധരാക്കുക എന്ന താണെങ്കിൽ ലോകമെങ്ങും പോയി സകലസൃഷ്ടികളോടും വചനം പ്രഘോഷിക്കുന്ന തിന് അവശ്യമായ നന്മയും വിശുദ്ധി തന്നെയാണ്.

"ഇതിനുശേഷം അവരിൽ രണ്ട് പേർ ഗ്രാമത്തിലേയ്ക്ക് നടന്നുപോകുമ്പോൾ അവൻ വേറൊരു രൂപത്തിൽ അവർക്ക് പ്രത്യക്ഷപ്പെട്ടു" (മർക്കോ 16,12). ജീവിതത്തിന്റെ പാതിയായിട്ടുള്ള ജീവിതപങ്കാളിയുടെ രൂപത്തിൽ സഹോദരന്റെ സഹോദരിയുടെ മക്ക ളുടെ മാതാപിതാക്കളുടെ സുഹൃത്തിന്റെ അയർക്കാരന്റെ രൂപത്തിൽ കർത്താവ് നമ്മുടെ കൂടെയുണ്ട്. അവനെ തിരിച്ചറിയാൻ ശിഷ്യൻമാർക്ക് സാധിച്ചു. ക്രിസ്തുവിന് ഏത് രൂപവും സ്വീകരിക്കാം. അത് ഉത്ഥിതന്റെ പ്രത്യേകതയാണ്. ഈ ദൗത്യം തന്നെയാണ് ഉത്ഥി തൻ ഇന്ന് നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നത്. മറ്റൊരു ക്രിസ്തുവായ് ജീവിക്കുക.

പല ആവർത്തി പലവിധത്തിൽ ഇത് കേട്ടിട്ടുള്ളത് കൊണ്ട് ഏതാണ് സത്യമെന്ന് അറിയില്ല. എങ്കിലും, കേട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ബോധ്യം ജനിപ്പിക്കുന്ന സംഭവങ്ങളി ലൊന്ന്. ഇത് നടക്കുന്നത് ജർമനിയിലാണ്. പുതിയ പള്ളിയുടെ പണിയുടെ അവസാന മിനുക്കുപണിയിലാണ് വികാരിയച്ചനും ഇടവക ജനങ്ങളും. വെഞ്ചിരിപ്പിന്റെ തലേ ദിവസം ഇടവകയിലെ മുഴുവൻ ജനങ്ങളും വികാരിയച്ചന്റേയും പണിക്കാരുടെയും നേതൃത്വത്തിൽ പുതിയ പള്ളിയുടെ മുഴുവൻ ശ്രദ്ധാകേന്ദ്രമായ നടുവിലെ കുരിശ് സ്ഥാപിക്കുകയാണ്. പക്ഷെ, ആരുടെയൊക്കെയോ അനാസ്ഥകൊണ്ട് കുരിശ് ഉയർത്തിയപ്പോൾ ക്രൂശിതരൂപം നിലത്ത് വീണു. മുഴുവൻ ജനങ്ങളും ഒന്നും സംഭവിക്കരുതെ എന്നുള്ള പ്രാർത്ഥനയോട് കൂടെയാണ് ക്രൂശിതരൂപം ഉയർത്തിയതെങ്കിലും ഉയർത്തപ്പെട്ട ക്രൂശിതരൂപത്തിൽ നിന്ന് ക്രൂശിതന്റെ പാദങ്ങൾ നഷ്ടപ്പെട്ടിരുന്നു. വെഞ്ചിരിപ്പിന് മുമ്പ് കുരിശരൂപം മാറ്റാൻ ഇനി സമയമില്ല. എല്ലാവർക്കും വലിയ വിഷമമായി. ഏറെ നിരാശയോട് കൂടെയാണ് മുഴുവൻ ഇടവക ജനങ്ങളും വീട്ടിലേയ്ക്ക് പോയതെങ്കിലും, പിറ്റേ ദിവസം ദേവാലയ ത്തിന്റെ കുദാശാകർമ്മത്തിനായ് ദേവാലയത്തിലെത്തിയപ്പോൾ അവരെ കാത്തിരുന്ന കൗതുകം അൽഭുതകരമായിരുന്നു.

രാത്രിയിൽ, തന്റെ ഇടവകജനങ്ങൾ വിഷമിച്ചു പോകുന്നത് കണ്ട വികാരിയ ച്ചൻ രാത്രിയിൽ തന്നെ ഒരു 'ബോർഡ്' എഴുതി ഈശോയുടെ കുരിശിന് കീഴെ സ്ഥാപി ച്ചു. ആ ബോർഡിൽ കുറിച്ചിട്ടുരുന്നത് ഇപ്രകാരമാണ്.

"എന്റെ പാദങ്ങൾ എനിക്ക് നഷ്ടപ്പെട്ടിരിക്കുന്നു. നന്മചെയ്ത് ചുറ്റി നടക്കാ നും, കരയുന്നവരുടെ അടുത്ത് ചെന്ന് കണ്ണുനീർ തുടയ്ക്കാനും, വേദനിക്കുന്നവരുടെ അടുത്ത് ചെന്ന് അവർക്ക് വക്ഷസ് കാണിച്ചുകൊടുക്കാനും നിങ്ങളുടെ പാദങ്ങൾ എനിക്ക് സമ്മാനിക്കുമോ?"

ക്രിസ്തു വീണ്ടും നമുക്ക് ദൗത്യം സമ്മാനിക്കുന്നു; "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16,15). ഭരമേൽപ്പി ക്കപ്പെടുന്ന ദൗത്യം "വചനം പ്രസംഗിക്കുക... പ്രസംഗിച്ച വചനം ജീവിക്കുക..."

"ആര് ഞങ്ങൾക്ക് വേണ്ടി കല്ല് ഉരുട്ടി മാറ്റും'
ഭക്തസ്ത്രീകളുടെ വലിയ വ്യസനം ഇതായിരുന്നു.
പക്ഷെ,
അവിടെയും അൽഭുതം.
അവിടെ ചെന്നപ്പോൾ ശവകുടീരത്തിൽ നിന്ന് കല്ല് ഉരുട്ടി മാറ്റിയിരിക്കുന്നു.
ആരുമില്ലാത്തവർക്ക് കർത്താവ് കൂട്ട്!

***"മനുഷ്യൻ അവിശ്വസ്തത കാണിച്ചാലും ദൈവം വിശ്വസ്തനാണ്."***

**റോമ 3,4**

ഫാ. ജോബി മേനോത്ത് : +91 944 7777 931